(ബി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ എല്ലാ ഗസ്റ്റ് ഹൗസുകളിലും മേൽ നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ

138 (2417) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ പദ്ധതിയിട്ടുള്ളത് ;

(സി) ഇതിന്റെ പണി എപ്പോൾ പൂർത്തിയാകും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ളോട്ടിംഗ് ബ്രിഡ്ജ്, ടോയിലറ്റ് കോംപ്ലക്സ് ഇവയുടെ നിർമ്മാണം പൂർത്തിയായി. തുടർന്ന് ഒരു ടോയിലറ്റ്, ഫ്ളോട്ടിംഗ് റെസ്റ്റോറന്റ്, വില്ലേജ് മിനി മാസ്റ്റ് ലൈറ്റിംഗ്, ബോട്ട് സർവ്വീസ് എന്നീ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുന്നത്.

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

കുമരകം വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

139 (2418) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കുമരകം വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ;

(ബി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനത്തോടുകൂടി ദേശീയ-അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമായി കുമരകം മാറി ടൂറിസം വകുപ്പ് പങ്കെടുക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ദേശീയ-അന്തർദേശീയ മേളകളിൽ കുമരകത്തിന് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. കൂടാതെ ദേശീയ-അന്തർദേശീയ മാധ്യമങ്ങളിൽ ടി കേന്ദ്രത്തിന് വലിയ പ്രാധാന്യവും പ്രസിദ്ധീകരണവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി വാട്ടർ സൈഡ് അമിനിറ്റി സെന്റർ, മൂന്നു റോഡുകൾ, കവണാറ്റിൻകരയിൽ കാർ പാർക്കിംഗ് സൗകര്യം, പേ & യൂസ് ടോയിലറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 2003-04 സാമ്പത്തിക വർഷം 150 ലക്ഷം രൂപ മതിപ്പ് ചെലവിൽ കുമരകം പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി റോഡുകൾ, കനാലുകൾ, കാർ പാർക്കിംഗ് സൗകര്യം തുടങ്ങിയ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്.

ഹൗസ് ബോട്ടുകൾ ടൂറിസ്റ്റുകൾക്ക് വാടകയ്ക്ക് കൊടുക്കുന്ന ഇനത്തിലുള്ള വരുമാനം

140 (2419) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ടൂറിസം പ്രമോഷൻ കൗൺസിൽ ഉടമസ്ഥതയിലുള്ള എത്ര ഹൗസ് ബോട്ടുകൾ ഇപ്പോൾ ടൂറിസ്റ്റുകൾക്കുവേണ്ടി വാടകയ്ക്ക് കൊടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിയാറിലെ ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നതിന് ഏത് വ്യക്തിയേയാണ്/സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ; എത്ര രൂപയാണ് വാടകയിനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രണ്ട് ഹൗസ്ബോട്ടുകൾ.

(ബി) മാവില റിസോർട്ട് ഡെവലപ്മെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് - എന്ന സ്ഥാപനത്തെയാണ് ഈ കരാർ ഏൽപ്പിച്ചിരിക്കുന്നത്. 7 ലക്ഷം രൂപയാണ് വരുമാനമായി പ്രതീക്ഷിക്കുന്നത്.

മണ്ണാർക്കാട്ടെ യാത്രിനിവാസ്

141 (T2420) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണ്ണാർക്കാട്ടെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ യാത്രിനിവാസ് ഉദ്ഘാടനം നടത്തി ജനങ്ങൾക്ക് തുറന്നു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടികൾ സ്വീകരിച്ചു വരികയാണ്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly